## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6404 — 11.07.2012 ലെ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

### അമിതമായ പലിശ ഈടാക്കി നിയമവിരുദ്ധമായി പണമിടപാട് നടത്തുന്ന അന്യ സംസ്ഥാനക്കാർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സെമി അർബൻ ഏരിയാകളിലും നാട്ടിൻപുറങ്ങളിലും അമിതമായ പലിശ ഈടാക്കി നിയമവിരുദ്ധമായി പണമിടപാട് നടത്തുന്ന അന്യ സംസ്ഥാനക്കാർ പ്രത്യേകിച്ചും തമിഴ്നാട് സ്വദേശികൾ ധാരാളം ഉണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇവരിൽ നിന്ന് കടംവാങ്ങി ഗ്രാമീണ ഗൃഹങ്ങളിലെ പാവപ്പെട്ടവരായ ഗൃഹനാഥൻമാരുടെ തുച്ഛമായ വരുമാനത്തിൽ ചോർച്ചയുണ്ടാവുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | (ബി) | ഉണ്ട്. ഇത്തരക്കാരെ നിയന്ത്രിക്കുന്നതിനായി 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബില്ലും 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബില്ലും തയ്യാറാക്കി കേരള നിയമസഭയിൽ യഥാക്രമം ബിൽ നമ്പർ 114-ഉം 117-ഉം ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അമിത പലിശ ഈടാക്കുന്ന ഏതൊരാളെയും കുറ്റ സ്ഥാപനത്തിന്മേൽ മൂന്നു വർഷം വരെയാകുന്ന കാലയളവിലേ |

യ്ക്കുള്ള തടവും അൻപതിനായിരം രൂപവരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കുവാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കുള്ള പരാതി പോലീസിനും കോടതിയ്ക്കും നൽകാവുന്നതാണ്. നിക്ഷേപകരുടെ താല്പര്യ സംരക്ഷണത്തിന് പ്രത്യേക കോടതി സംവിധാനം ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പുതിയ ചിട്ടി നിയമത്തിൽ ഈ വിഭാഗത്തെ പരിധിയിൽ കൊണ്ടുവരാൻ വകുപ്പുകൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

(സി) 1982 ലെ ചിറ്റ് ഫണ്ട്സ് ആക്റ്റിന്റെ പരിധിയിൽ ചിട്ടി ഒഴികെയുള്ള മറ്റു പണമിടപാടുകൾ ഉൾപ്പെടുന്നില്ല.

Saltze

സെക്ഷൻ ഓഫീസർ